


# നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണ്

(മത്തായി 16:13 – 16)

Vol. 11, Issue: 24

ഫാ. ലിൻസ് തടത്തിൽ

**ഈ**ശോമിശിഹായിൽ ഏറ്റവും സ്നേഹം നിറഞ്ഞവരേ,

വിശുദ്ധ മത്തായിയുടെ സുവിശേഷം 16-ാം അദ്ധ്യായം 13 മുതൽ 16 വരെയുള്ള തിരുവചനങ്ങളാണ് നമ്മൾ വായിച്ചുകേട്ടത്. പത്രോസിന്റെ വിശ്വാസപ്രഖ്യാപനവും തുടർന്നുവരുന്ന സംഭവങ്ങളുമാണ് സുവിശേഷഭാഗം.

താൻ ആരാണെന്നാണ് ജനങ്ങൾ പറയുന്നത് എന്നുള്ള ഈശോയുടെ ചോദ്യത്തിന്, ശിഷ്യരുടെ മറുപടി സ്നാപകയോഹന്നാൻ, ഏലിയ, ജറെമിയ അല്ലെങ്കിൽ പ്രവാചകരിലൊരുവൻ എന്നിങ്ങനെയായിരുന്നു. തുടർന്ന് പത്രോസിനോട് അതേ ചോദ്യം യേശു ചോദിക്കുമ്പോൾ പത്രോസ് പറഞ്ഞു: "നീ ജീവിക്കുന്ന ദൈവത്തിന്റെ പുത്രനായ മിശിഹായാണ്." മിശിഹായുടെ ദൈവത്വം പൂർണ്ണമനസ്സോടെ ഏറ്റുപറയുന്ന പത്രോസിനെ കർത്താവ് സഭയുടെ താക്കോൽ ഏൽപിക്കുകയാണ്. വിശ്വാസം ഏറ്റുപറയുന്ന പത്രോസിനോട്, സ്വർഗ്ഗസ്ഥനായ പിതാവാണ് ഇത് നിനക്ക് വെളിപ്പെടുത്തിയത് എന്ന് ഈശോ പറയുമ്പോൾ, വിശ്വാസം ദൈവികദാനമാണ് എന്ന് സുവിശേഷകൻ നമ്മോട് പറയാൻ ആഗ്രഹിക്കുന്നുണ്ട്. പകരുംതോറും വർദ്ധിക്കുന്ന ദൈവത്തിന്റെ അവർണ്ണനീയമായ ദാനം.

ബെനഡിക്ട് പതിനാറാമൻ പാപ്പാ പറയുന്നു: "പൊതുജനത്തിൽ നിന്ന് വ്യത്യസ്തമായ ഒരു ദൈവസങ്കൽപം തന്റെ ശിഷ്യന്മാർക്കു വേണമെന്ന് ഈശോ ആഗ്രഹിച്ചിട്ടുണ്ടാവാം. അതാണ് ജനങ്ങളുടെ അഭിപ്രായങ്ങൾ ആരാഞ്ഞതിനുശേഷം അവിടുന്ന് ശിഷ്യന്മാരിലേയ്ക്ക് തിരിഞ്ഞത്. നീ ജീവിക്കുന്ന ദൈവത്തിന്റെ പുത്രനായ മിശിഹായാണ് എന്ന് പത്രോസ് ഏറ്റുപറയുമ്പോൾ, ഇസ്രായേൽ ജനം കാത്തിരുന്ന രക്ഷകനായ മിശിഹാ നീ ആണ് എന്ന് അയാൾ പരസ്യമായി പ്രഖ്യാപിക്കുകയായിരുന്നു."

ഈശോമിശിഹാ എനിക്ക് ആരാണെന്നുള്ള ഒരു ചോദ്യം ഓരോ ക്രിസ്ത്യാനിയും അവനവനോടു തന്നെ ചോദിക്കേണ്ടതാണ്. എല്ലാ ദൈവികസങ്കൽപങ്ങളെയും പോലെ ഒരു ദൈവം മാത്രമാണ് എനിക്ക് മിശിഹാ എങ്കിൽ ക്രിസ്തുശിഷ്യന്റെ നിരയിലേയ്ക്ക്

ഉയരാൻ നമ്മൾ ഇനിയും യാത്ര ചെയ്യേണ്ടിയിരിക്കുന്നു. ഏകദൈവത്തിലുള്ള വിശ്വാസം സംരക്ഷിക്കേണ്ടവർ അതിനു വിപരീതമായി വിശ്വാസത്തിൽ വെള്ളം ചേർക്കുമ്പോൾ ക്രിസ്തുശിഷ്യന്റെ നിരയിൽ നിന്ന് നാം അകലുകയാണ്. സഭയുടെ വിശ്വാസങ്ങൾക്കനുസരിച്ച്, മിശിഹായാണ് ഏകരക്ഷകൻ എന്ന് മനുഷ്യർക്ക് മുമ്പിൽ നിവർന്നുനിന്ന് ധൈര്യമായി പറയാൻ എനിക്ക് മടിയുണ്ടെങ്കിൽ ഞാൻ നസ്രായന്റെ ശിഷ്യഗണത്തിൽ നിന്ന് അകലെയാണ്. വിശ്വാസം മുറുകെപ്പിടിക്കേണ്ട സന്ദർഭങ്ങളിലും വിശ്വാസം സംരക്ഷിക്കേണ്ട നേരത്തും വിശ്വാസത്തിൽ മതേതരത്വം പറയുന്നവർ അവന്റെ ശിഷ്യഗണത്തിൽപ്പെടാൻ യോഗ്യരല്ല.

പത്രോസിന്റെ വിശ്വാസപ്രഖ്യാപനം വിരൽ ചൂണ്ടുന്നത്, അതിനുശേഷം നടക്കാനിരിക്കുന്ന അവന്റെ സഹന-മരണോത്ഥാനങ്ങളിലേയ്ക്കാണ്. കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം പറയുന്നു: പത്രോസിന്റെ വിശ്വാസപ്രഖ്യാപനം ആസന്നമാകുന്ന പീഢാനുഭത്തിനു മുന്നേടിയാണ്. മിശിഹായിലുള്ള വിശ്വാസം ഏറ്റുപറയുന്നവൻ കാണാമറയത്തുള്ള പീഡനങ്ങൾ മുന്നിൽ കണ്ടുവേണം വിശ്വാസത്തിന് സാക്ഷിയാകാൻ. വിശ്വാസത്തിനുവേണ്ടി ഇറങ്ങിയവരൊക്കെ ജീവിതത്തിൽ പീഡനങ്ങൾ നേരിട്ടവരാണ്. തലകീഴായി കുരിശിൽ തറയ്ക്കപ്പെട്ടപ്പോഴും ക്രൂശിതനെ തള്ളിപ്പറയാതെ അത് സന്തോഷപൂർവ്വം സ്വീകരിക്കുവാൻ പത്രോസിനെ പ്രേരിപ്പിച്ചത് ഈ ആഴമേറിയ വിശ്വാസമായിരുന്നു.

വിശ്വാസം ഏറ്റുപറയുന്നവരെ പീഡനങ്ങളുടെ ഒരു താഴ്വാരം കാത്തിരിപ്പുണ്ട്. വിശുദ്ധജനങ്ങൾ വിശ്വാസത്തിനുവേണ്ടി നിലകൊണ്ടപ്പോഴൊക്കെ സഹനങ്ങളായിരുന്നു പ്രതിഫലം. ആദിമക്രൈസ്തവർ വിശ്വാസം ഏറ്റുപറഞ്ഞതുകൊണ്ടു മാത്രം രക്തസാക്ഷികളായവരാണ്. ISIS ഭീകരവാദികളാൽ കൊല്ലപ്പെടുന്നവരിൽ പലരും വിശ്വാസം ത്യജിക്കാത്തതിന്റെ പേരിൽ ജീവൻ വെടിഞ്ഞവരാണ്. വിശ്വാസത്തിന്റെ വളം സഹനമാണ്. സഹനങ്ങൾക്കിടയിൽ വളർന്നുവന്ന സഭയ്ക്ക് അതിന്റെ വിശ്വാസം മുറുകെപ്പിടിക്കേണ്ടി വരുമ്പോഴുണ്ടാകുന്ന പീഡനങ്ങൾ സഹിക്കേണ്ടതായിവരും.

ഇനി ചിന്ത നമുക്കാണ്. ഞാൻ അറിഞ്ഞ വിശ്വാസം മുറുകെപ്പിടിക്കേണ്ടി വരുമ്പോൾ ഉണ്ടാകുന്ന സഹനങ്ങളെ ഏറ്റെടുക്കുവാൻ ഞാൻ തയ്യാറാണോ?

ജീവിതത്തിലെ ഏത് പ്രതികൂല സാഹചര്യങ്ങളിലും ഈശോമിശിഹായാണ് ഏകരക്ഷകൻ എന്ന് പറയാൻ എനിക്ക് മനസ്സുണ്ടോ?

ആരാധനാവത്സരത്തിലെ പള്ളിക്കൂദാശാക്കാലത്തിലേയ്ക്ക് നാം പ്രവേശിക്കുകയാണ്. സഭയുടെ മഹത്വത്തെയും ശ്രേഷ്ഠതയെയും കുറിച്ച് ധ്യാനിക്കാൻ സഭാമാതാവ് നമ്മെ ക്ഷണിക്കുകയാണ്. പത്രോസാകുന്ന പാറമേൽ പണിയപ്പെട്ട മിശിഹായുടെ സഭ നമുക്ക് ദൈവഭവനമാണ്. പത്രോസ് ഉദ്ഘോഷിച്ച് ഏറ്റുപറഞ്ഞ വിശ്വാസമാണ് സഭയുടെ ഉറപ്പാർന്ന അടിത്തറ. ആ വിശ്വാസപ്രഖ്യാപനത്തിന്റെ ആന്തരികത ധ്യാനിക്കുവാനും വിശ്വാസത്തിനുവേണ്ടി സഹനങ്ങൾ ഏറ്റെടുക്കുവാനും ഏത് പ്രതികൂല സാഹചര്യത്തിലും വിശ്വാസത്തിനുവേണ്ടി നിലകൊള്ളുവാനും സഭ നമ്മെ ക്ഷണിക്കുകയാണ്. വിശ്വാസം ഏറ്റുപറയുന്നവന്റെ കാണാമറയത്ത് പതിയിരിക്കുന്ന പീഡകൾ കുരിശിലേയ്ക്ക്, ക്രൂശിതനിലേയ്ക്ക് നമ്മെ അടുപ്പിക്കട്ടെ.

തലമുറകൾ കാത്തുസൂക്ഷിച്ച വിശ്വാസം ഇനി എന്നിലൂടെ ലോകം അറിയട്ടെ. ഈശോമിശിഹായാണ് ഏകരക്ഷകൻ എന്ന് ലോകത്തിനു മുന്നിൽ പ്രഖ്യാപിച്ചുകൊണ്ട് മിശിഹായിലുള്ള വിശ്വാസം ഏറ്റുപറഞ്ഞുകൊണ്ടു വരുന്ന തലമുറയ്ക്ക് വിശ്വാസത്തിന്റെ പാഠങ്ങൾ പകർന്നുകൊടുക്കുമെന്ന് പ്രതിജ്ഞയെടുത്ത് നമുക്ക് പള്ളിക്കൂദാശാക്കാലത്തിലേയ്ക്ക് പ്രവേശിക്കാം. കാരുണ്യവാനായ മിശിഹാ നമ്മെ സമൃദ്ധമായിട്ട് അനുഗ്രഹിക്കട്ടെ. ഈശോമിശിഹായ്ക്ക് സ്തുതിയായിരിക്കട്ടെ.